പ്രതികരണം

മരിയ

# വസ്ത്രവിവേചനം ഒഴിവാക്കാന്‍

**മാറുമറയ്ക്കാനനുവാദമില്ലാതിരുന്ന മലബാറിലെ അവര്‍ണ സ്ത്രീകളില്‍ നല്ലൊരു വിഭാഗം തങ്ങള്‍ക്ക് നാണം മറയ്ക്കാനുള്ള അനുവാദം നല്‍കിയ ടിപ്പു സുല്‍ത്താന്റെ സമുദായത്തില്‍ അഭയം പ്രാപിക്കുകയും അന്തസ്സോടെയും ആഭിജാത്യത്തോടെയും വസ്ത്രം ധരിക്കുന്ന ഒരു അന്തര്‍ദേശീയ സമൂഹത്തിന്റെ ഭാഗമെന്ന നിലയില്‍ അഭിമാനത്തോടെ ജീവിക്കാന്‍ ആരംഭിക്കുകയും ചെയ്തു. ഇത്തരത്തില്‍ ജീവിക്കുന്നതുകൊണ്ടുതന്നെ അവര്‍ ശുദ്ധമേനികളാണെന്ന കാഴ്ചപ്പാട് പരക്കുമോയെന്ന് ഗംഗാധരനെപ്പോലുള്ള സവര്‍ണ പുരുഷകേസരികള്‍ ഭയപ്പെടാന്‍ തുടങ്ങിയിരിക്കുന്നു.**

'**വസ്ത്രവിവേചനം** ഒഴിവാക്കാം' എന്ന തലക്കെട്ടില്‍ *മാതൃഭൂമി* ആഴ്ചപ്പതിപ്പില്‍ (31-ാം ലക്കം) വന്ന ഡോ. എം. ഗാഗാധരന്റെ ലേഖനം പ്രസ്തുത വിഷയത്തില്‍ ഇതുവരെയായി നടന്നുകൊണ്ടിരിക്കുന്ന ചര്‍ച്ചകളില്‍നിന്ന് ഒരു വ്യതിചലനമാണ്. പര്‍ദയെക്കുറിച്ച വീക്ഷണത്തിലാണ് ഈ വ്യതിചലനം കാണുന്നത്.

പര്‍ദയെ വിമര്‍ശനാത്മകമായി വിലയിരുത്തുന്ന ചര്‍ച്ചകളില്‍ മിക്കതും സെക്യുലര്‍ പക്ഷത്തുനിന്നോ ദലിത്-കീഴാള പക്ഷത്തുനിന്നോ അതിനെ വിലയിരുത്തുന്നവയായിരുന്നു. പലതും സ്ത്രീപക്ഷവായനകളും കൂടിയായിരുന്നു. എന്നാല്‍ ഡോ. ഗംഗാധരന്‍ ഇപ്പോള്‍ അവതരിപ്പിക്കുന്ന വീക്ഷണങ്ങളാവട്ടെ പൂര്‍ണമായും സവര്‍ണ -പുരുഷപക്ഷ കാഴ്ചപ്പാടുകളില്‍ അധിഷ്ഠിതമാണ്.

ഇതുവരെയായി പുറത്തുവന്ന പര്‍ദാവിമര്‍ശനങ്ങളെ വിലയിരുത്തുന്നത് അവയില്‍നിന്ന് ഗംഗാധരന്റെ നിലപാടുകള്‍ക്കുള്ള വ്യത്യാസം തിട്ടപ്പെടുത്താന്‍ സാധിക്കും. സെക്യുലര്‍ പക്ഷത്തുനിന്നായിരുന്നില്ലോ അധികവിമര്‍ശനങ്ങളും. യഥാര്‍ഥത്തില്‍, ഏതു തരത്തിലുള്ള വസ്ത്രം ധരിക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം പൂര്‍ണമായും വ്യക്തികള്‍ക്ക് നല്‍കുന്ന മതനിരപേക്ഷ ദര്‍ശനത്തിന് പര്‍ദയെ വിമര്‍ശിക്കാനുള്ള അവകാശമില്ല. വ്യക്തിയെ തിരിച്ചറിയാത്ത വിധത്തില്‍ മുഖം കൂടി മറക്കുന്ന രീതി മാത്രമേ സെക്യുലര്‍ ദൃഷ്ടിയില്‍ അല്‍പമെങ്കിലും അധിക്ഷേപാര്‍ഹമായിട്ടുള്ളൂ. ഇനിയുള്ളത് ദലിത് -കീഴാള പക്ഷവായനയാണ്. ഇതില്‍ ന്യായമായ ചില യുക്തികളുണ്ട്. വ്യാജമായ ഹിന്ദു-മുസ്‌ലിം ദ്വന്ദ്വപരികല്‍പന സമൂഹത്തില്‍ വളര്‍ത്തിയെടുത്തുകൊണ്ട് ദലിത് ജനവിഭാഗങ്ങളുടെ സാമുദായിക സ്വത്വം തകര്‍ക്കുകയും അവരെ ഹിന്ദുത്വത്തില്‍ ലയിപ്പിക്കുകയുമാണല്ലോ ഹിന്ദുത്വവാദികളുടെ ദലിത് വിരുദ്ധ അജണ്ടകളില്‍ പ്രധാനപ്പെട്ടത്. ഇതിനു സഹായകമായി സാംസ്‌കാരിക രംഗത്തു നടക്കുന്ന ഏതു മാറ്റവും ദലിത് സ്വത്വത്തിന് എതിരും ഹിന്ദുത്വത്തിന് അനുകൂലവുമായി മാത്രമേ വര്‍ത്തിക്കുകയുള്ളൂ. മുസ്‌ലിംകള്‍ ഒരു പ്രത്യേക തരത്തിലുള്ള വസ്ത്രം സ്വീകരിക്കുന്നത് ദലിതുകളടക്കം മുസ്‌ലിംകളല്ലാത്തവര്‍ മറ്റൊരു സ്വത്വത്തിന്റെ ഭാഗമാണെന്ന കാഴ്ചപ്പാട് നിലവില്‍ വരാനിടയാക്കുമെന്നും ഇത്തരത്തില്‍ വളര്‍ന്നുവരുന്ന സ്വത്വത്തെ ഹിന്ദുത്വത്തിന്റെ ഭാഗമാക്കി മാറ്റാന്‍ ഹിന്ദുത്വവാദികള്‍ക്കാവുമെന്നതുമാണ് ദലിത് -കീഴാളപക്ഷത്തുനിന്നുകൊണ്ട് പര്‍ദയെ വിമര്‍ശിക്കുന്നവര്‍ ഉയര്‍ത്തുന്ന പ്രധാന ആശങ്ക. കേരളത്തിലെ പര്‍ദ ധരിക്കാത്ത അമുസ്‌ലിംകളില്‍ നല്ലൊരു പങ്ക് ക്രിസ്ത്യാനികളാണെന്ന വസ്തുത ഈ ആശങ്ക അസ്ഥാനത്താണെന്നു തെളിയിക്കുന്നു.

ഇനി ഗംഗാധരന്റെ വീക്ഷണങ്ങളിലേക്കു കടക്കാം. പൂര്‍ണമായും സവര്‍ണ -പുരുഷപക്ഷ കാഴ്ചപ്പാടുകളാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സവര്‍ണ-പുരുഷപക്ഷ നിരീക്ഷണങ്ങള്‍ മറനീക്കി പുറത്തുവരുന്നത് ലേഖനത്തിന്റെ അവസാനഭാഗത്താണ്. പര്‍ദ ധരിച്ചു നടക്കുന്ന സ്ത്രീകളാണ് പരിശുദ്ധിയുള്ളവരെന്നും അങ്ങനെ ചെയ്യാത്തവര്‍ മലിനമേനികളാണെന്നുമുള്ള കാഴ്ചപ്പാട് (ഗംഗാധരന്റേതാണ് വാക്കുകള്‍)

പരക്കാൻ പർദ സഹായിക്കുമെന്നും അത് സമൂഹത്തിന്റെ ആരോഗ്യത്തിന് നല്ലതല്ലെന്നും വാദിക്കുന്ന ഗംഗാധരൻ നിലയുറപ്പിച്ചിരിക്കുന്നത് സവർണ പുരുഷന്റെ ചിന്താമണ്ഡലത്തിലാണ്.

വസ്ത്രവുമായി ബന്ധപ്പെട്ട് ശുദ്ധിയെയും മലിനമേനിയെയും കുറിച്ചുള്ള ഗംഗാധരന്റെ നിരീക്ഷണങ്ങൾ, കേരളത്തിൽ ജാതിമേധാവിത്വവും ലിംഗമേധാവിത്വവും കൊടികുത്തിവാണിരുന്ന ഒരു കാലഘട്ടത്തിന്റെ ഓർമകളിലേക്കാണ് മലയാളിസമൂഹത്തെ തിരിച്ചുകൊണ്ടുപോകുന്നത്. ടിപ്പുസുൽത്താൻ ഇവിടെ വരുന്നതുവരെ ദലിത്-കീഴാള സമുദായങ്ങളിലെ പെണ്ണുങ്ങൾക്ക് മാറുമറയ്ക്കാനുള്ള അവകാശമില്ലായിരുന്നു. അവരുടെ നഗ്നമായ മാറിടം നോക്കി സവർണരായ ആണുങ്ങൾ രസിച്ചു. സവർണ സമുദായങ്ങളിലെ സ്ത്രീകളാവട്ടെ മറക്കുടയ്ക്കുള്ളിൽ മേനി പൂർണമായും മറച്ചല്ലാതെ പുറത്തിറങ്ങിയിരുന്നില്ല. ഇത്തരത്തിൽ ശരീരം പൂർണമായി മറച്ച അന്തർജനങ്ങൾ ശുദ്ധമേനികളും മാറുമറയ്ക്കാൻ പോലും അനുവാദമില്ലാതിരുന്ന ദലിത്-കീഴാള സമുദായങ്ങളിലെ സ്ത്രീകൾ അശുദ്ധമേനികളുമായാണ് അന്ന് കണക്കാക്കപ്പെട്ടിരുന്നത്. ഇവിടെ ഓർക്കേണ്ട വസ്തുത, ഒരു അവർണ സ്ത്രീ മാന്യമായി വസ്ത്രം ധരിച്ച് ശുദ്ധമേനിയാകാൻ വിചാരിച്ചാൽ പോലും അത് നടക്കില്ല എന്നതായിരുന്നു. കാരണം അവർണ സ്ത്രീ മാറുമറയ്ക്കാൻ പാടില്ല എന്നായിരുന്നു നിയമം. ഏതെങ്കിലും ഒരു കീഴാള സ്ത്രീ അങ്ങനെ ചെയ്യാൻ ധൈര്യപ്പെട്ടാൽ അവൾ ജീവനോടെ ബാക്കിയുണ്ടാവില്ല. ഇന്നാവട്ടെ സംഗതി ആകെ മാറിയിരിക്കുന്നു. ജനാധിപത്യ-മതനിരപേക്ഷ-സോഷ്യലിസ്റ്റ് ഭാരതത്തിലാണ് നാം ജീവിക്കുന്നത്. ഏത് ജാതിയിലും മതത്തിലും പെട്ട പുരുഷനായാലും സ്ത്രീയായാലും അവർക്ക് ഇഷ്ടമുള്ള മാന്യമായ വസ്ത്രം ധരിച്ച് റോഡിലിറങ്ങി നടക്കാം. മാറു മറച്ചതിന്റെ പേരിൽ ഒരു അവർണ സ്ത്രീയും ഇന്ന് സവർണന്റെ അതിക്രമങ്ങൾക്ക് ഇരയാവില്ല. മാറുമറയ്ക്കാനനുവാദമില്ലാതിരുന്ന മലബാറിലെ അവർണ സ്ത്രീകളിൽ നല്ലൊരു വിഭാഗം തങ്ങൾക്ക് നാണം മറയ്ക്കാനുള്ള അനുവാദം നൽകിയ ടിപ്പു സുൽത്താന്റെ സമുദായത്തിൽ അഭയം പ്രാപിക്കുകയും അന്തസ്സോടെയും ആഭിജാത്യത്തോടെയും വസ്ത്രം ധരിക്കുന്ന ഒരു അന്തർദേശീയ സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ അഭിമാനത്തോടെ ജീവിക്കാൻ ആരംഭിക്കുകയും ചെയ്തു. ഇത്തരത്തിൽ

**വ്യത്യസ്തമായ വസ്ത്രധാരണരീതികൾ മുസ്‌ലിം ലോകത്ത് നിലനിൽക്കുന്നുണ്ടെന്നത്, ഏകശിലാത്മകമായ സംസ്കാരം അടിച്ചേൽപിക്കാൻ ഇസ്‌ലാം ശ്രമിക്കുന്നുവെന്ന ആരോപണത്തെ ഖണ്ഡിക്കുന്നുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണരീതിയിലാണ് ഈ വൈവിധ്യം കൂടുതലായി ദൃശ്യമാവുന്നത്. സൽവാർ-കമീസും മുഖം മൂടിയതും അല്ലാത്തതുമായ പർദയുമെല്ലാം മുസ്‌ലിം ലോകത്ത് വ്യാപകമാണ്. ദേശീയ സംസ്കാരങ്ങളെ നശിപ്പിക്കാതെ വ്യത്യസ്ത ദേശീയപശ്ചാത്തലങ്ങളിലുള്ള വസ്ത്രങ്ങൾ തന്നെ മാന്യമായി ധരിക്കാൻ സ്വന്തം അനുയായികളോട് കൽപിക്കുകയാണ് ഇസ്‌ലാം ചെയ്തത്.**

ജീവിക്കുന്നതുകൊണ്ടുതന്നെ അവർ ശുദ്ധമേനികളാണെന്ന കാഴ്ചപ്പാട് പരക്കുമോയെന്ന് ഗംഗാധരനെപ്പോലുള്ള സവർണ പുരുഷകേസരികൾ ഭയപ്പെടാൻ തുടങ്ങിയിരിക്കുന്നു. മുമ്പ് അവർണ സ്ത്രീകൾ മാറുമറയ്ക്കാതെ പാടത്തു പണിയെടുത്തിരുന്ന കാലത്ത് അവരുടെ അശുദ്ധമേനിയിലേക്ക് അന്തപുരത്തിൽനിന്ന് പാളിനോക്കിയിരുന്ന അന്തർജനങ്ങളാണ് ഇന്ന് അശുദ്ധമേനികളെന്ന കാഴ്ചപ്പാട് വ്യാപകമാകുമോയെന്ന് ഗംഗാധരന് ഭയമുണ്ട്.

സ്ത്രീകളിലൊരു വിഭാഗം ശരീരം മുഴുവൻ മറച്ചു നടക്കുന്നത് മഹാപാതകമായി കരുതുന്ന ഗംഗാധരനെപ്പോലുള്ളവർ അവരുടെ സ്വന്തം ശരീരത്തിലേക്കു തിരിഞ്ഞുനോക്കേണ്ടതുണ്ട്. നമ്മുടേതടക്കമുള്ള മിക്കവാറും പരിഷ്കൃത സമൂഹങ്ങളിലെ പുരുഷന്മാർ പാന്റ്സിന്റെയും ഷർട്ടിന്റെയും ഓവർക്കോട്ടിന്റെയും സഫാരി സ്യൂട്ടിന്റെയുമൊക്കെ രൂപത്തിൽ ശരീരം മൊത്തം മറച്ചുകൊണ്ടാണ് പൊതുരംഗത്തിറങ്ങുന്നത്. പക്ഷേ, സ്ത്രീകളെയാവട്ടെ അർധനഗ്നകളായി പുറത്തിറങ്ങാനാണ് പുരുഷസമൂഹം നിർബന്ധിക്കുന്നത്. ഇന്ത്യയിൽ സ്ത്രീകളുടെ പൊതുവസ്ത്രമായി കണക്കാക്കപ്പെടുന്ന സാരി ദേവദാസികളുടെ വസ്ത്രമായിരുന്നുവെന്ന നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്. പുരുഷന്മാർ പാശ്ചാത്യരീതിയിലുള്ള പാന്റ്സും ഷർട്ടുമൊക്കെ ധരിക്കുമ്പോൾ സ്ത്രീകൾ പഴയ ദേവദാസികളുടെ അർധനഗ്ന വസ്ത്രധാരണരീതിയെ ആശ്രയിക്കുക മാത്രമായിരുന്നു രക്ഷ. ഇതിന് നേരിയ തോതിൽ മാറ്റമുണ്ടായത് ഇസ്‌ലാമിക സംസ്കാരത്തിന്റെ ഭാഗമായ രണ്ടു വസ്ത്രധാരണരീതികൾ കഴിഞ്ഞ എട്ടു പത്തു കൊല്ലം കൊണ്ട് നമ്മുടെ നാട്ടിൽ പ്രചരിച്ചതോടു കൂടിയാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഭൂരിപക്ഷം ഭാഗങ്ങളിലെ ഇസ്‌ലാമിക സമൂഹത്തിന്റെ പൊതു വസ്ത്രമായ സൽവാർ-കമീസായിരുന്നു അവയിലൊന്ന്. നമ്മുടെ നാട്ടിൽ പാശ്ചാത്യമായ പാന്റ്സിന്റെയും ഷർട്ടിന്റെയും രൂപത്തിൽ മുമ്പുതന്നെ പുരുഷന്മാർക്കിടയിൽ മാന്യമായ വസ്ത്രധാരണരീതി നിലവിലുള്ളതുകൊണ്ടായിരിക്കാം മുസ്‌ലിംസംസ്കാരത്തിന്റെ ഭാഗമായ പുരുഷ വസ്ത്രധാരണരീതികൾക്ക് ഇവിടെ പ്രചാരം കിട്ടാതെ പോയത്. ചുരിദാർ എന്ന പേരിലറിയപ്പെടുന്ന വസ്ത്രധാരണ രീതി നമ്മുടെ സ്ത്രീസമൂഹത്തിൽ പ്രചാരം നേടുന്നതിനിടയിൽ ചെറിയ പരിണാമങ്ങൾക്ക് വിധേയമായിരുന്നു. തല മറയ്ക്കാനുപയോഗിച്ചിരുന്ന ഷാൾ കഴുത്തിൽനിന്ന് പുറകോട്ട് ചുറ്റി വലിക്കാൻ തുടങ്ങിയെന്നതാണ് അവയിലൊന്ന്. അതുപോലെത്തന്നെ പുതിയ പുതിയ ഫാഷനുകളും ഈ വസ്ത്രത്തിനു മേൽ കുത്തക കമ്പനികൾ പരീക്ഷിക്കാൻ തുടങ്ങിയിരുന്നു. മുസ്‌ലിം സംസ്കാരത്തിന്റെ ഭാഗമായിരുന്ന സൽവാർ ഇത്തരത്തിൽ ഒരു ഫാഷനായി മാറിയത് പൊതുസമൂഹത്തിലാണ്. അതിനിടയിൽ മുസ്‌ലിം സ്ത്രീകളിലെ വസ്ത്രധാരണത്തിൽ മറ്റൊരു ഫാഷൻ കൂടി രംഗം കൈയടക്കിയിരുന്നു. പർദ അഥവാ ബുർക്ക എന്ന പേരിലറിയപ്പെട്ട ഓവർകോട്ടായിരുന്നു അത്. സ്ത്രീയായാലും പുരുഷനായാലും ഇത്തരത്തിൽ ഓവർ കോട്ടിടുന്ന രീതി ലോകത്തിലെ മിക്ക നാഗരികതകളിലും ആഭിജാത്യത്തിന്റെ അടയാളമായിരുന്നു. യൂറോപ്പിലും അമേരിക്കയിലും അഭിജാതരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും മാന്യമായ വസ്ത്രധാരണരീതിയായി സ്യൂട്ടും കോട്ടുമൊക്കെ ഇന്നും തുടരുന്നു.

പർദയുടെ കാര്യത്തിൽ ഡോ. ഗംഗാധരൻ ചൂണ്ടിക്കാട്ടുന്നതുപോലെ മിക്ക നാഗരികതകളിലും ഇവയുടെ നിറം കറുപ്പായിരുന്നു. മെഡിക്കൽ പ്രൊഫഷന്റെ വെളുത്ത കോട്ടു പോലെ അപൂർവം ചില സന്ദർഭങ്ങളിൽ മാത്രമേ കറുപ്പല്ലാത്ത നിറങ്ങളിൽ മേൽ വസ്ത്രത്തിനു മാന്യത ലഭിച്ചിരുന്നുള്ളൂ. ഉഷ്ണമേഖലയിലുൾപ്പെടുന്ന കേരളം പോലുള്ള പ്രദേശങ്ങ

ളൊഴിച്ചുനിർത്തിയാൽ പുരുഷന്റെയും സ്ത്രീയുടെയും മാന്യവും അഭിജാതവുമായ വസ്ത്രധാരണരീതിയുടെ അടയാളങ്ങളായിരുന്നു ഓവർകോട്ടും സ്യൂട്ടുമൊക്കെ. ഇസ്‌ലാം ദേശീയ സംസ്കാരങ്ങൾക്കതീതമായതുകൊണ്ടുതന്നെ ഏതെങ്കിലുമൊരു വസ്ത്രധാരണരീതി പ്രോത്സാഹിപ്പിച്ചിട്ടില്ല. ശരീരത്തിൽ ഇന്ന ഭാഗങ്ങൾ മറയ്ക്കണമെന്നല്ലാതെ ഇന്ന രീതിയിലുള്ള വസ്ത്രം കൊണ്ട് അവ മറയ്ക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സഭ്യമായ രീതിയിൽ മാന്യമായി നാണം മറയ്ക്കുകയാണുണ്ടായത്. മുസ്‌ലിം ലോകത്തുടനീളം വ്യത്യസ്ത വസ്ത്രധാരണരീതികൾ നിലനിൽക്കുന്നത് അതുകൊണ്ടാണ്. അറബിയുടെയും പാകിസ്താനിയുടെയും മലബാറിലെ മാപ്പിളയുടെയും വസ്ത്രധാരണരീതികൾ തികച്ചും വ്യത്യസ്തമാണല്ലോ.

ഇങ്ങനെ വ്യത്യാസം നിലനിർത്തുമ്പോഴും സാംസ്കാരിക ചിഹ്നങ്ങളുടെ സ്വതന്ത്രമായ വിനിമയം വിവിധ ദേശീയതകൾക്കിടയിൽ സാധ്യമാണല്ലോ. ഇസ്‌ലാംമത വിശ്വാസം വിവിധ ദേശീയതയിൽ നിന്നുള്ളതായാലും ഇസ്‌ലാമിനു നിരക്കുന്നതും മാന്യവും സൗകര്യപ്രദവുമായ വസ്ത്രധാരണരീതികൾ സ്വാംശീകരിക്കുന്നതിൽ മുസ്‌ലിം സമൂഹം മുൻപന്തിയിലായിരുന്നു. മാന്യവും സൗകര്യപ്രദവുമെന്നു തോന്നുന്ന വസ്ത്രധാരണരീതികൾ അവയുടെ ഉൽപത്തി ഏതു ദേശീയതയിലാണെന്നു നോക്കാതെ തന്നെ മുസ്‌ലിം സമൂഹം സ്വായത്തമാക്കുകയായിരുന്നു. ഇങ്ങനെയാണ് ചില വസ്ത്രധാരണരീതികൾ മുസ്‌ലിം സമൂഹത്തിൽ അന്തർദേശീയ സ്വഭാവം ആർജിച്ചത്.

ഉഷ്ണമേഖലയിലായിരുന്നതിനാലാവാം കേരളത്തിലെ അഭിജാതവർഗങ്ങൾക്കിടയിൽ പുരുഷനായാലും സ്ത്രീയായാലും മേൽ വസ്ത്രമോ ഓവർകോട്ടോ ധരിക്കുന്ന രീതിയുണ്ടായിരുന്നില്ല. പുരുഷന്മാർക്കിടയിൽ ഓവർകോട്ടിന് പ്രചാരമുണ്ടാവുന്നത് കൊളോണിയലിസത്തിന്റെ വരവോടുകൂടിയാണ്. ഇന്ന് അതും ഔപചാരികമായ അവസരങ്ങളിൽ മാത്രമേ കാണുന്നുള്ളു. സ്ത്രീകളിൽ ബ്രാഹ്മണസമുദായത്തിൽ പെട്ടവർ ശരീരം മുഴുവൻ മറയുന്ന വസ്ത്രവും മറക്കുടയും ധരിച്ചിരുന്നു. ദലിത് സ്ത്രീകൾക്കാണെങ്കിൽ മാറുമറയ്ക്കാൻ തന്നെ അനുവാദമുണ്ടായിരുന്നില്ല. കേരളത്തിൽ മുസ്‌ലിംകളായി മാറിയവരിൽ കൂടുതലും അവർണ സമുദായങ്ങളിൽനിന്നുള്ളവരായിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചതോടുകൂടി അവർ മാന്യമായ വസ്ത്രം ധരിക്കാൻ തുടങ്ങി. അവർണസമുദായങ്ങളിലെ സ്ത്രീകളുടെ നഗ്നമായ മാറിടം കണ്ടാസ്വദിക്കാൻ വേണ്ടി അവർ മാറുമറയ്ക്കുന്നത് വിലക്കിയ സവർണ ഭരണാധികാരികൾ മുസ്‌ലിം സ്ത്രീകൾ മാന്യമായ വസ്ത്രം ധരിക്കുന്നത് നയതന്ത്രപരമായ കാരണങ്ങളാൽ വിലക്കിയില്ല. പിന്നീട് സാമൂഹിക നവോത്ഥാനമുണ്ടായപ്പോൾ അവർണ സ്ത്രീകൾ മാറുമറയ്ക്കുന്നതിനുള്ള വിലക്ക് മാറികിട്ടി. മുണ്ടും കുപ്പായവുമായിരുന്നു ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടം മുതൽ കേരളീയ സ്ത്രീകളുടെ വേഷം. ഈ പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ ഇന്നത്തെ സാരിയും ചുരിദാരും പർദയും പിന്നീട് വന്നതാണെന്നു കാണാൻ പ്രയാസമില്ല. ഓരോന്നും വന്നത് ഓരോ പശ്ചാത്തലത്തിൽനിന്നാണെന്നു മാത്രം.

അടുത്ത കാലത്തു മാത്രമാണ് പാകിസ്താന്റെ ദേശീയവസ്ത്രത്തിൽ നിന്നോ പഞ്ചാബികളുടെ പരമ്പരാഗത വസ്ത്രത്തിൽ നിന്നോ ഉണ്ടായ ചുരിദാറിന് കേരളത്തിൽ പ്രചാരമുണ്ടായത്. ഇതു പക്ഷേ ഒരു ഔപചാരിക വസ്ത്രമായി സ്വീകരിക്കപ്പെട്ടില്ല. സ്കൂൾ ടീച്ചർമാർക്കിടയിലും മറ്റും ഇപ്പോഴും ഈ വസ്ത്രം വ്യാപകമായിട്ടില്ല. ഹിന്ദു സംസ്കാരത്തിന് അതിപ്രസരമുള്ള പല സ്ഥാപനങ്ങളും ചുരിദാറിനു പകരം സാരിക്കുതന്നെയാണ് ഇപ്പോഴും പ്രാധാന്യം കൽപിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളിൽ ചുരിദാർ ധരിച്ചുകൊണ്ട് ദർശനം അനുവദിച്ചപ്പോഴുണ്ടായ വിവാദം നാം കണ്ടതാണല്ലോ.

വ്യത്യസ്തമായ വസ്ത്രധാരണരീതികൾ മുസ്‌ലിം ലോകത്ത് നിലനിൽക്കുന്നുണ്ടെന്നത്, ഏകശിലാത്മകമായ സംസ്കാരം അടിച്ചേൽപിക്കാൻ ഇസ്‌ലാം ശ്രമിക്കുന്നുവെന്ന ആരോപണത്തെ ഖണ്ഡിക്കുന്നുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണരീതിയിലാണ് ഈ വൈവിധ്യം കൂടുതലായി ദൃശ്യമാവുന്നത്. സൽവാർ-കമീസും മുഖം മൂടിയതും അല്ലാത്തതുമായ പർദയുമെല്ലാം മുസ്‌ലിം ലോകത്ത് വ്യാപകമാണ്. ദേശീയ സംസ്കാരങ്ങളെ നശിപ്പിക്കാതെ വ്യത്യസ്ത ദേശീയപശ്ചാത്തലങ്ങളിലുള്ള വസ്ത്രങ്ങൾ തന്നെ മാന്യമായി ധരിക്കാൻ സ്വന്തം അനുയായികളോട് കൽപിക്കുകയാണ് ഇസ്‌ലാം ചെയ്തത്. ഒരു ദേശത്തെ വസ്ത്രധാരണരീതിയുടെ ഉൽപത്തിയിൽ അവിടത്തെ പാരിസ്ഥിതികവും സാമൂഹികവുമായ ഘടകങ്ങൾക്ക് പ്രാധാന്യമുള്ളതുകൊണ്ടു കൂടിയാണ് ഇസ്‌ലാം അവയുടെ മേൽ ഏകശിലാത്മകമായ ഒരു വസ്ത്രധാരണരീതി അടിച്ചേൽപിക്കാതിരുന്നത്. മുഖം മൂടിക്കൊണ്ടുള്ള പർദ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്നുവെന്നതു തന്നെയാണ് ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം. താത്വികമായി ഇസ്‌ലാമികമല്ല മുഖം മൂടിക്കൊണ്ടുള്ള പർദ. ഇസ്‌ലാം ഉദ്ദേശിക്കുന്ന സാമൂഹിക സംസ്കരണത്തിന്റെ സമ്പൂർണദശയായ ഹജ്ജ് വേളയിൽ സ്ത്രീകൾ മുഖം മറയ്ക്കാൻ പാടില്ല. പക്ഷേ, ഇസ്‌ലാമീകരണം അത്രത്തോളം പൂർത്തിയായിട്ടില്ലാത്ത സാമൂഹിക സാഹചര്യങ്ങളിൽ ഇസ്‌ലാം അത് അനുവദിക്കുന്നുവെന്നതിന്റെ തെളിവാണ് ഇന്ത്യ പോലുള്ള ചില നാടുകളിലെ മുസ്‌ലിം സ്ത്രീകൾ മുഖം മറയ്ക്കുന്നുവെന്നത്. ഇത്തരത്തിലുള്ള വസ്ത്രവിശേഷങ്ങൾ ആഗോള മുസ്‌ലിം സമുദായത്തിന് സംഭാവന ചെയ്ത സംസ്കാരങ്ങളിൽ ഇന്ത്യയിലെ സവർണ ഹിന്ദുസമൂഹവും ഉൾപ്പെടുന്നുണ്ടെന്നതാണ് വാസ്തവം. തീർച്ചയായും ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന പർദാ സമ്പ്രദായത്തിൽ ഹിന്ദുമതത്തിന്റെ സ്വാധീനമുണ്ട്. ഹിന്ദുക്കൾ പർദ ധരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് പ്രതിഭാ പാട്ടീൽ രാഷ്ട്രപതി സ്ഥാനാർഥിയായിരുന്ന കാലത്തു നടത്തിയ പ്രസ്താവന ഏറെ വിവാദങ്ങൾക്ക് തിരികൊളുത്തിയിരുന്നുവല്ലോ. ബ്രാഹ്മണ സ്ത്രീകൾ അന്തർജനങ്ങളായിരുന്നുതാനും. രജപുത്രസ്ത്രീകളും വസ്ത്രത്താൽ മൂടപ്പെട്ടവരായിരുന്നു. ഹവാമഹൽ പണിതതിനു പിന്നിലുള്ള ചരിത്രം അതാണല്ലോ. മുഖം മറച്ചുകൊണ്ടുള്ള പർദ മുസ്‌ലിംകൾക്കിടയിൽനിന്ന് ഇല്ലാ

**സാമ്പത്തിക സമത്വം കൈവരിക്കേണ്ടത് ധനികനെ ദരിദ്രനാക്കി മാറ്റുന്നതിനു പകരം ദരിദ്രരെയെല്ലാം ധനികരാക്കിയായിരിക്കണമെന്നതുപോലെ, വസ്ത്രവിവേചനം ഒഴിവാക്കേണ്ടത് ദേഹം മുഴുവൻ മറയ്ക്കുന്നവരെ അർധ നഗ്നകൾ അഥവാ ദേഹം ഭാഗികമായി മാത്രം മറയ്ക്കുന്നവർ ആക്കിക്കൊണ്ടാവരുത്; വസ്ത്രം ധരിക്കാത്തവരെ അത് ധരിപ്പിച്ചുകൊണ്ടായിരിക്കണം.**

താവണമെങ്കിൽ ഇസ്ലാമിക് പ്യൂരിറ്റാനിസത്തിനു വേണ്ടി നിലകൊള്ളുന്നവർ അതിനെ എതിർക്കുന്ന അവസ്ഥ സംജാതമാവണം.

സവർണനായ പുരുഷന്റെ കാഴ്ചപ്പാടിലൂടെയാണ് ഡോ. ഗംഗാധരൻ കാര്യങ്ങൾ വിലയിരുത്തുന്നതെങ്കിലും വസ്ത്രവിവേചനം ഒഴിവാക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് നാം വിയോജിക്കണമെന്നില്ല. ബ്രാഹ്മണ സ്ത്രീകൾ ദേഹം മുഴുവൻ മറയ്ക്കുന്ന വസ്ത്രവും മറക്കുടയും ധരിച്ചു മാത്രം പുറത്തിറങ്ങിയപ്പോൾ ദലിത് സമുദായങ്ങളിലെ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ പോലും അനുവാദമില്ലാതിരുന്ന ഒരു കാലഘട്ടം നമ്മുടെ സ്മരണയിലുണ്ട്. പഴയ ബ്രാഹ്മണ സ്ത്രീകളുടെ സ്ഥാനത്ത് മുസ്ലിം സ്ത്രീകൾ ഇന്ന് കയറിയിരുന്നുകൊണ്ട് വിവേചനം തുടരാൻ പാടില്ല. പക്ഷേ ഇവിടെയൊരു വ്യത്യാസമുള്ളത് നാം കാണാതിരുന്നുകൂടാ. പണ്ട് ദലിത് സ്ത്രീകൾ ബ്രാഹ്മണ സ്ത്രീകളുടെ വസ്ത്രധാരണ രീതി സ്വീകരിക്കണമെന്നു വിചാരിച്ചാൽ പോലും അത് നടപ്പില്ലായിരുന്നു. ഇന്നാവട്ടെ ആർക്കും ഏതു വസ്ത്രവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പഴയ ബ്രാഹ്മണ സ്ത്രീകളെപ്പോലെ ദേഹം മുഴുവനും മറയ്ക്കുന്ന വസ്ത്രം ധരിച്ചുകൊണ്ട് ശുദ്ധമേനിയും ആഭിജാത്യവും നടിക്കുന്ന മുസ്ലിം സ്ത്രീകളെ നേരിടാൻ ഈ സ്വാതന്ത്ര്യം മറ്റുള്ളവർ ഉപയോഗിക്കണം. ദേഹം മുഴുവൻ മറയ്ക്കുന്ന വസ്ത്രം അവരുടെ മാത്രം കുത്തകയല്ലല്ലോ. സാമ്പത്തിക സമത്വം കൈവരിക്കേണ്ടത് ധനികനെ ദരിദ്രനാക്കി മാറ്റുന്നതിനു പകരം ദരിദ്രരെയെല്ലാം ധനികരാക്കിയായിരിക്കണമെന്നതുപോലെ, വസ്ത്രവിവേചനം ഒഴിവാക്കേണ്ടത് ദേഹം മുഴുവൻ മറയ്ക്കുന്നവരെ അർധ നഗ്നകൾ അഥവാ ദേഹം ഭാഗികമായി മാത്രം മറയ്ക്കുന്നവർ ആക്കിക്കൊണ്ടാവരുത്; വസ്ത്രം ധരിക്കാത്തവരെ അത് ധരിപ്പിച്ചുകൊണ്ടായിരിക്കണം.

മുസ്ലിം സംസ്കാരവുമായി ബന്ധപ്പെട്ട പശ്ചാത്തലത്തിൽ നിന്നുരുത്തിരിഞ്ഞ ചുരിദാർ ഇന്ന് കേരളത്തിലെ പെൺകുട്ടികളുടെ പൊതുവസ്ത്രമാണല്ലോ. അതുപോലെത്തന്നെ പർദയെയും പൊതുവസ്ത്രമാക്കിക്കൊണ്ടാവണം വസ്ത്രവിവേചനം ഒഴിവാക്കേണ്ടത്. മുസ്ലിം സംസ്കാരത്തിൽനിന്ന് വന്ന ചുരിദാർ പൊതു വസ്ത്രമായിരിക്കെ അതേ പശ്ചാത്തലത്തിൽനിന്ന് മറ്റൊന്നു കൂടി സ്വീകരിക്കുന്നത് എന്തിനാണെന്ന ചോദ്യം ഉയരാം. ചുരിദാർ പൊതുവസ്ത്രമായി മാറിയിരിക്കുന്നത് ചെറിയ പ്രായക്കാരിൽ മാത്രമാണ്. സീനിയോറിറ്റി ഭാവിക്കേണ്ട തൊഴിൽ മേഖലകളിൽ ചുരിദാറിന് കേരളീയ പശ്ചാത്തലത്തിൽ പരിമിതിയുണ്ടല്ലോ. ഉത്തരേന്ത്യയിൽ എല്ലാ വിഭാഗം സ്ത്രീകളും സൽവാർ-കമീസ് ധരിക്കുന്നുണ്ടെങ്കിലും കേരളത്തിൽ കുമാരിമാരുടെ വസ്ത്രമായാണ് ജനങ്ങൾ അതിനെ കാണുന്നത്. ചുരിദാർ ധരിച്ചാൽ കുട്ടികൾ തങ്ങളെ ബഹുമാനിക്കുന്നില്ലെന്ന പരാതിയാണ് സ്കൂൾ ടീച്ചർമാർക്ക്. അതുകൊണ്ടുതന്നെ ആഭിജാത്യം സൂചിപ്പിക്കുന്ന മറ്റൊരു വസ്ത്രം നമുക്കാവശ്യമാണ്. മുസ്ലിംകളുടെ പർദക്ക് സമാനമായ വസ്ത്രം ധരിച്ചുകൊണ്ട് ക്രിസ്ത്യൻ കന്യാസ്ത്രീകൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും തിളങ്ങുന്നുണ്ട്. സാംസ്കാരിക ചിഹ്നങ്ങൾ കൊണ്ടും കൊടുത്തുമാണല്ലോ സമൂഹം മുന്നോട്ടുനീങ്ങുന്നത്. പർദയുടെ കാര്യത്തിലും അതുതന്നെ ചെയ്യുന്നതാണ് വസ്ത്രവിവേചനം ഒഴിവാക്കാനുള്ള സഹിഷ്ണുതാപൂർണവും പുരോഗമനപരവുമായ മാർഗം. ■